

എസ്. ഹരികിഷോർ ഐ.എ.എസ്

# വായ്പകൾ സംരംഭങ്ങൾക്കായി മാറ്റിവയ്ക്കണം

കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ സുപ്രധാന കണ്ണിയാണ് ത്രിഫ്റ്റും ക്രെഡിറ്റുമടങ്ങുന്ന മൈക്രോ ഫിനാൻസ്. 2.77 ലക്ഷം അയൽക്കൂട്ടങ്ങൾ ആഴ്ച തോറും സ്വരൂപിക്കുന്ന മൂലധനം മൂവായിരം കോടി രൂപ കഴിഞ്ഞിരിക്കുന്നു. എല്ലാ വർഷവും ആയിരം കോടി രൂപയിലധികമാണ് ബാങ്കുകളിൽ നിന്നും കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വായ്പയായി എടുക്കുന്നത്. ഈ ലിങ്കേജ് ലോണുകൾ 4% പലിശയ്ക്ക് ലഭ്യമാക്കുമെന്ന സർക്കാരിന്റെ ബജറ്റ് പ്രഖ്യാപനം പുതിയ ഉണർവാണ് അയൽക്കൂട്ടാംഗങ്ങൾക്ക് നൽകിയിട്ടുള്ളത്. ലിങ്കേജ് വായ്പകളിൽ നിന്നും അയൽക്കൂട്ടാംഗങ്ങൾ ലോണെടുക്കുമ്പോൾ അത് ആരോഗ്യ വിദ്യാഭ്യാസ കാര്യങ്ങൾക്ക് ചിലവാക്കുന്നതിനുപരിയായി വരുമാനദായകമായ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കണെമെന്നാണ് ആമുഖമായി സൂചിപ്പിക്കാനുള്ളത്.

2.77 ലക്ഷം അയൽക്കൂട്ടങ്ങളിൽ ഇതുവരെ ലിങ്കേജ് വായ്പയെടുക്കാത്ത 84281 അയൽക്കൂട്ടങ്ങൾ ഉണ്ടായിരുന്നു. ചിലർക്ക് ബാങ്ക് വായ്പയോട് താൽപര്യമില്ല. മറ്റു ചിലർക്ക് സ്വന്തം പണമുള്ളതിനാൽ ബാങ്കിൽ നിന്നും തുക ആവശ്യമില്ല എന്നിങ്ങനെ വിവിധ കാരണങ്ങൾ കൊണ്ടാണ് 84281 അയൽക്കൂട്ടങ്ങൾ ലിങ്കേജ് ലോൺ എടുക്കാതിരിക്കുന്നത്. താൽപര്യമുള്ളവരെയെല്ലാം ലിങ്ക് ചെയ്യണമെന്നാണ് ഈ വർഷത്തെ പ്രധാന ലക്ഷ്യമായി കുടുംബശ്രീ ഏറ്റെടുക്കുന്നത്. ഇതുവരെ 11056 അയൽക്കൂട്ടങ്ങൾ പുതുതായി ലിങ്ക് ചെയ്യാൻ 2017-18 ൽ സാധിച്ചുവെന്ന് സസന്തോഷം അറിയിക്കട്ടെ.

| വർഷം | ഒരു അയൽക്കൂട്ടം എടുക്കുന്ന ശരാശരി ലോൺ (ലക്ഷത്തിൽ) |
|---|---|
| 2013 - 14 | 1.9 |
| 2014 - 15 | 2.4 |
| 2015 - 16 | 2.9 |
| 2016 - 17 | 3.7 |
| 2017 - 18 | 3.9 |

* ഇതുവരെ

ഓരോ അയൽക്കൂട്ടവും എടുക്കുന്ന ശരാശരി ലോൺ സംഖ്യ വർഷം കൂടുന്തോറും വർധിച്ചു വരുന്നത് മുകളിൽ നൽകിയ ടേബിളിൽ നിന്നും വ്യക്തമാകുന്നു. 10 ലക്ഷത്തിലധികം രൂപ ലിങ്കേജ് വായ്പയെടുക്കുന്ന അയൽക്കൂട്ടങ്ങളും ധാരാളമായുണ്ട്. അയൽക്കൂട്ടങ്ങൾ ലിങ്കേജ് വായ്പയെടുക്കുന്ന അംഗങ്ങൾക്ക് വായ്പ നൽകുമ്പോൾ കൊള്ളപ്പലിശക്കാരുടെ ചൂഷണത്തിൽ നിന്നും സാധാരണക്കാരായ കുടുംബങ്ങൾക്ക്



രക്ഷ ലഭിക്കാൻ അവസരമുണ്ടാകുന്നു എന്നു പറയാൻ സാധിക്കും. മൂന്നു വർഷത്തേക്കുള്ള ലോൺ 35000 അയൽക്കൂട്ടങ്ങളാണ് ഓരോ വർഷവും എടുക്കുന്നത്. 2015-16 ൽ 33,752 അയൽക്കൂട്ടങ്ങളും 2016-17 ൽ 35.689 അയൽക്കൂട്ടങ്ങളും 2017-18 ൽ ഇതുവരെ ലോണെടുത്ത 21,356 അയൽക്കൂട്ടങ്ങളും 2014-15 ലെ ലോൺ തിരിച്ചടവ് നിലനിൽക്കുന്ന അയൽക്കൂട്ടങ്ങളും ഉൾപ്പെടെ ഒരു ലക്ഷത്തിലധികം അയൽക്കൂട്ടങ്ങൾക്ക് നിലവിൽ ബാങ്ക് ലിങ്കേജ് ഉണ്ട്. 3500 കോടി രൂപയോളം വായ്പ ഇനത്തിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് കഴിഞ്ഞ മൂന്നു വർഷം ലഭിച്ചുകഴിഞ്ഞു.

2015-16 വരെ ഒരു ലക്ഷം രൂപ വരെയുള്ള ലോണുകൾക്ക് 7% പലിശ സബ്സിഡിയാണ് കുടുംബശ്രീ നൽകിയത്. 2016-17 ൽ ബജറ്റ് പ്രഖ്യാപനത്തിലൂടെ എല്ലാ കുടുംബശ്രീ വായ്പകളും നാലു % പലിശയ്ക്ക് ലഭ്യമാക്കുമെന്നും ഇതിനായി 50 കോടി രൂപ പ്രത്യേകമായി അനുവദിക്കുന്നുവെന്നുള്ള സർക്കാരിന്റെ നയം വലിയൊരു മാറ്റമാണ് ഈ മേഖലയിൽ ഉണ്ടാക്കിയത്. മൂന്നു ലക്ഷം രൂപ വരെയുള്ള വായ്പകൾ നാലു % പലിശയ്ക്ക് ഇന്ന് അയൽക്കൂട്ടാംഗങ്ങൾക്ക് ലഭ്യമാണ്. 2016-17, 2017-18 എന്നീ രണ്ട് സാമ്പത്തിക വർഷത്തിലും കൂടി 100 കോടിയലധികം രൂപ പലിശ സബ്സിഡി ഇനത്തിൽ അയൽക്കൂട്ടങ്ങളുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുകയാണ്. കുടുംബശ്രീയിലൂടെ നേടുന്ന സാമ്പത്തിക ശാക്തീകരണത്തിന് പുതിയൊരു ഉണർവാണ് ഈ മാറ്റത്തിലൂടെ ഉണ്ടാകുന്നതെന്ന് നിസ്സംശയം പറയാൻ സാധിക്കും.

2017-18 ൽ 10,000 അയൽക്കൂട്ടങ്ങൾക്ക് 15,000 രൂപ വരെ റിവോൾവിംഗ് ഫണ്ട് നൽകാനും, 2500 അയൽക്കൂട്ടങ്ങൾക്ക് 500 എ.ഡി.എസുകളിലൂടെ വൾണറബിലിറ്റി റിഡക്ഷൻ ഫണ്ട് (ഒരു എ.ഡി.എസിന് 75,000) നൽകാനും പദ്ധതിയുണ്ട്. ഇത് ജില്ലാമിഷനുകളിലൂടെ സി.ഡി.എസുകൾക്ക് ലഭ്യമായിക്കഴിഞ്ഞു. കൂടാതെ ബാങ്ക് ലിങ്കേജ് പ്രോത്സാഹിപ്പിക്കാനായി ലിങ്ക് ചെയ്യുന്ന അയൽക്കൂട്ടങ്ങൾക്ക് തങ്ങളുടെ ആദ്യ ലിങ്കേജിന്റെ കൂടെ മാച്ചിംഗ് ഗ്രാന്റായി 5000 രൂപ നൽകാനും പദ്ധതിയുണ്ട്.

ഈ വർഷത്തെ കുടുംബശ്രീ മൈക്രോ ഫിനാൻസിന്റെ രണ്ടു സുപ്രധാന പദ്ധതികളാണ് TBSDAS(Transaction Based SHG Digital Accounting System) ഉം CEF(Community Enterprise Fund) ഉം. എല്ലാ അയൽക്കൂട്ടങ്ങളും ഡിജിറ്റലാക്കുക എന്നതാണ് റ്റി.ബി.എസ്.ഡി.എ.എസിന്റെ ലക്ഷ്യം. അയൽക്കൂട്ടങ്ങളുടെ ഇതുവരെയുള്ള അക്കൗണ്ടുകൾ ഡിജിറ്റലാക്കി ഇനി മുതൽ എല്ലാ മാസവും ഓൺലൈനായി വരവുചിലവുകൾ രേഖപ്പെടുത്തുകയാണ് ലക്ഷ്യം. ഓരോ സി.ഡി.എസിലും ഒരു ലാപ്ടോപ് നൽകിക്കൊണ്ട് ഒരു റിസോഴ്സ് പേഴ്സണെ നിയമിച്ചു കഴിഞ്ഞു. 2017 ഡിസംബറോടെ മുഴുവൻ ജില്ലകളിലെ റിസോഴ്സ് പേഴ്സൺമാർക്കും പരിശീലനം നൽകി അയൽക്കൂട്ട കണക്കുകൾ ഡിജിറ്റലാക്കാമെന്നാണ് പ്രതീക്ഷ. 100% ഡിജിറ്റലായി കുടുംബശ്രീ മൈക്രോഫിനാൻസ് മാറുന്നത് ഒരു സുപ്രധാന ചുവടുവയ്പായിരിക്കും.

നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷ (എൻ.ആർ.എൽ.എം)നിൽ നിന്നും കമ്മ്യൂണിറ്റി എന്റർപ്രൈസ് ഫണ്ടായി (CEF) 20 കോടി രൂപ ലഭിച്ചുവെന്നും ഇത് സംരംഭങ്ങൾ തുടങ്ങാൻ വേണ്ടി വ്യക്തികൾക്ക് ലോൺ നൽകാനായി 400 സി.ഡി.എസുകൾ ലഭ്യമാക്കിയെന്നതുമാണ് ഈ വർഷത്തെ മറ്റൊരു പ്രധാന പദ്ധതി. അഞ്ചു ലക്ഷം രൂപ വീതം ലഭിച്ച ഈ 400 സി.ഡി.എസുകളും വരുമാനദായക പ്രവർത്തനങ്ങൾക്കായി വായ്പ നൽകാൻ ഈ തുക അയൽക്കൂട്ടങ്ങൾക്കു നൽകുന്നു. അടുത്ത വർഷം ബാക്കിയുള്ള സി.ഡി.എസുകളിലേക്കും തുക ലഭ്യമാക്കാൻ സാധിക്കും. CEF കൂടാതെ മറ്റുള്ള വായ്പകളും ലിങ്കേജ് വായ്പകളും സംരംഭങ്ങൾ തുടങ്ങാനും വരുമാനം ലഭിക്കുന്ന പ്രവർത്തനങ്ങൾക്ക് പ്രാരംഭം കുറിക്കാനുമായി ഉപയോഗിക്കണമെന്നാണ് സംസ്ഥാന മിഷന് കുടുംബശ്രീ കുടുംബാംഗങ്ങളോട് ആഹ്വാനം ചെയ്യാനുള്ളത്. നിങ്ങൾ എടുക്കുന്ന വായ്പകൾ സുസ്ഥിരമായ വരുമാനമാർഗത്തിലേക്ക് വഴിതുറക്കാൻ സഹായിക്കുന്നതാകട്ടെ. എല്ലാ ആശംസകളും.